(സി) രാജ്യത്തിനകത്ത് ദേശീയപതാക ഉൾപ്പെടെയുള്ള ദേശീയ ചിഹ്നങ്ങളെ അപമാനിച്ചാൽ Prevention of Insults to National Honour Act, 1971-ലെ വ്യവസ്ഥകൾ പ്രകാരമാണ് നടപടികൾ സ്വീകരിച്ചുവരുന്നത്. മൂന്ന് വർഷം തടവോ, പിഴയോ, തടവും പിഴയുമോ ആണ് നിയമത്തിലെ ശിക്ഷാ വ്യവസ്ഥ.

ഐ.ജി. ടോമിൻ ജെ. തച്ചങ്കരിയുടെ വിദേശയാത്ര

2 (4605) ശ്രീ. എം. എ. വാഹീദ് :
ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. അടൂർ പ്രകാശ് :
ശ്രീ. കെ. ശിവദാസൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഐ.ജി ടോമിൻ ജെ. തച്ചങ്കരിയുടെ വിദേശയാത്രയുമായി ബന്ധപ്പെട്ട വിഷയങ്ങളെക്കുറിച്ച് കേന്ദ്രാന്വേഷണം നടത്തണമെന്ന് സംസ്ഥാന സർക്കാർ കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടിരുന്നുവോ ;

(ബി) ഇതു സംബന്ധിച്ച് ദേശീയ അന്വേഷണ ഏജൻസി അന്വേഷണം നടത്തണമെന്ന് ആവശ്യപ്പെടാൻ എന്തൊക്കെ കാരണങ്ങളാണ് സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിന്റെ മുന്നിൽ സമർപ്പിച്ചത് ;

(സി) ഐ. ജി. ടോമിൽ ജെ. തച്ചങ്കരി വിദേശത്ത് പോയത് സംസ്ഥാന സർക്കാരിന്റെ അറിവോടെയാണെന്ന് ടിയാൻ കേന്ദ്രസർക്കാരിനെ അറിയിച്ചിരുന്നുവോ ;

(ഡി) ഇക്കാര്യത്തിൽ സംസ്ഥാന സർക്കാർ എന്തു വിശദീകരണമാണ് കേന്ദ്രസർക്കാരിന് നൽകിയത് ?

ഉത്തരം

(എ & ബി) ഐ. ജി. ശ്രീ. ടോമിൻ ജെ. തച്ചങ്കരിയുടെ വിദേശയാത്രയുമായി ബന്ധപ്പെട്ട് കേന്ദ്ര ആഭ്യന്തരമന്ത്രാലയത്തിൽനിന്ന് ഒരു രഹസ്യ സന്ദേശം ലഭിച്ചിരുന്നു. അതിന്മേൽ പ്രശ്നത്തിന്റെ ഗൗരവം കണക്കിലെടുത്ത് ഉചിതമായ അധികാരസ്ഥാപനം (appropriate authority) മുഖേന അന്വേഷണം നടത്തണമെന്ന് കേന്ദ്ര ആഭ്യന്തരമന്ത്രാലയത്തോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(സി) സംസ്ഥാന സർക്കാരിന് ഇതു സംബന്ധിച്ച വിവരം ലഭിച്ചിട്ടില്ല.

(ഡി) ബാധകമല്ല.

LIBRARY ARCHIVES Kerala Legislative Assembly